ശ്രീ. വക്കം പുരുഷോത്തമൻ: ഗവൺമെന്റ് എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്.

ശ്രീ. തമ്പാനൂർ രവി : ഈ പ്രശ്നത്തിന്റെ പ്രാധാന്യവും ഈ സഭയുടെ സെൻസും മനസ്സിലാക്കി കേരള മന്ത്രിസഭയുടെ ഒരു പ്രതിനിധി ഡൽഹിയിൽ പോയി ഈ സ്ഥാപനം ഇവിടെ നിലനിർത്താൻ സമ്മർദ്ദം ചെലുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : ഈ പറഞ്ഞതിൽ കൂടുതലായി എനിക്ക് ഒന്നും പറയാനില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് വേണ്ടുന്ന നടപടികൾ സ്വീകരിക്കും. സ്വീകരിച്ചിട്ടുണ്ട്. തുടർന്നും സ്വീകരിക്കും.

പോലീസ് സേനയുടെ നവീകരണം

4 [*115] ശ്രീ. ടി. എൻ. പ്രതാപൻ:
,, കെ. മുഹമ്മദാലി:
,, ജി. കാർത്തികേയൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ നവീകരണം ആരംഭിച്ച ശേഷം പ്രസ്തുത നവീകരണത്തിനായി ഇതുവരെ എത്ര തുക ചെലവഴിച്ചു;

(ബി) ഈ നവീകരണ പദ്ധതികളിൽ പോലീസും പൊതുജനങ്ങളും തമ്മിൽ മെച്ചപ്പെട്ട ബന്ധം പാലിക്കുന്നതിന് എന്തെല്ലാം പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്;

(സി) ഈ പരിപാടികൾ വിജയകരമായിട്ടുണ്ടോ;

(ഡി) പോലീസിനെ ജനങ്ങളുടെ സുഹൃത്തുക്കളാക്കുവാൻ എന്തെല്ലാം പരിപാടികൾ നടപ്പാക്കാനുദ്ദേശിക്കുന്നുവെന്നറിയിക്കാമോ?

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) പോലീസ് സേനയിൽ നവീകരണം ആരംഭിച്ചശേഷം 1992-93 മുതൽ 2,79,90,09,033 രൂപ ചെലവഴിച്ചു.

(ബി) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന നവീകരണ പദ്ധതിയിൽ ചെലവാക്കുന്ന തുക കെട്ടിടങ്ങൾ, വാഹനങ്ങൾ, ആയുധങ്ങൾ, വാർത്താവിനിമയ ഉപകരണങ്ങൾ, ആധുനിക ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ എന്നിവ സ്വായത്തമാക്കുന്നതിനാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതുവഴി പൊതുജനങ്ങൾക്ക് പോലീസിലുള്ള വിശ്വാസവും മതിപ്പും വർദ്ധിപ്പിക്കുന്നതിനും പോലീസും പൊതുജനങ്ങളുമായുള്ള ബന്ധം ഊഷ്മളമായി നിലനിർത്തുവാനും സാധിക്കുന്നു.

(സി) വിജയകരമാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) (1) പോലീസ് സേനയിൽ പഴയ വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ ലഭിച്ചതുമൂലം നിയമ പരിപാലനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഉടനെ എത്തുന്നതിന് സാധിക്കുന്നു.

(2) ആധുനിക വാർത്താ വിനിമയ സൗകര്യങ്ങൾ ലഭിച്ചതുമൂലം പോലീസിന്റെ പ്രവർത്തനശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(3) ആധുനിക ശാസ്ത്രീയ കുറ്റാന്വേഷണത്തിന് സഹായിക്കുന്ന ഉപകരണങ്ങൾ ഉപയോഗിക്കുന്നതുമൂലം കുറ്റാന്വേഷണം കൂടുതൽ ശാസ്ത്രീയമായ രീതിയിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(4) ഹൈവേ പോലീസ് സംവിധാനം ഏർപ്പെടുത്തിയത്വഴി ട്രാഫിക് കുറ്റകൃത്യങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിന് സാധിച്ചു.

(5) കമ്പ്യൂട്ടർവത്ക്കരണംമൂലം ഇ-പോർട്ടൽ സംവിധാനം വഴി പരാതികൾ സ്വീകരിക്കുന്നതിനും അന്വേഷണം നടത്തുന്നതിനും സാധിക്കുന്നു. കൂടാതെ അക്ഷയ കമ്പ്യൂട്ടർ സെന്ററുകൾ വഴിയും പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളുമായി ബന്ധപ്പെടാൻ സാധിക്കുന്നു.

(6) ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി സേവന പ്രദാന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത 57 പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടറുകൾ, ആവശ്യമായ മറ്റ് നൂതന സാധനസാമഗ്രികൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതുമൂലം പൊതുജനങ്ങളുടെ പരാതികൾ കാലതാമസം കൂടാതെ പരിഹരിക്കുന്നതിനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും കഴിയുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, നമ്മുടെ പോലീസ് സേനയുടെ നവീകരണത്തിന് വേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്ന് പ്രത്യേകമായ ഫണ്ട് ലഭിക്കാറുണ്ടോ; അങ്ങനെ ലഭിച്ചിട്ടുണ്ടെങ്കിൽ ആ ഫണ്ട് പൂർണ്ണമായും പോലീസ് സേനയുടെ നവീകരണത്തിനുവേണ്ടി ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : ഉണ്ട്. കിട്ടിയിട്ടുള്ളതെല്ലാം അതിനുവേണ്ടി ഉപയോഗിച്ചിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly